## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2752 09/05/2017-ൽ മറുപടിയ്ക്ക്
## ഭവനരഹിതർക്ക് വീട്

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര ആളുകളുണ്ടെന്ന് ജില്ല തിരിച്ച വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ആളുകളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചുവെങ്കിലും ഇതിനോടനുബന്ധിച്ച് നടക്കേണ്ട മേൽപരിശോധനയും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. ആയതിനുശേഷം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കേണ്ടതുണ്ട്. അന്തിമപട്ടിക പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ആളുകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇവർക്ക വീട് നൽകാൻ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. നവകേരള പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യത്തോടെ 'ലൈഫ് മിഷൻ' ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ; | (സി) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത/ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി |

<table>
<tr><td></td><td></td><td></td><td>സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി (ലൈഫ് മിഷൻ) രൂപീക രിച്ചിട്ടുണ്ട്.<br><br>ഗുണഭോക്താക്കളെ ക ണ്ടെത്തുന്നതിനായുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചു ഗുണഭോക്താക്കളെ ക ണ്ടെത്തുന്നതിനായുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.<br><br>ആദ്യഘട്ടത്തിൽ 14 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം ക ണ്ടെത്തി ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.</td></tr>
<tr><td>(ഡി)</td><td>ഭവനരഹിതരും ഭൂരഹിതരുമായ ആളുകൾക്ക വീട് നിർമ്മിക്കാൻ എത്ര തുകയാണ സഹായമായി നൽകുന്നത്;</td><td>(ഡി)</td><td>സ്വന്തമായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ധനസഹായം താഴെപറയും പ്രകാരമാണ്.<br><table><tr><th>വിഭാഗം</th><th>സർക്കാർ ധനസഹായം (രൂപയിൽ)</th></tr><tr><td>ജനറൽ</td><td>3,50,000</td></tr><tr><td>പട്ടികജാതി/ മത്സ്യതൊഴിലാളികൾ/ തോട്ടം തൊഴിലാളികൾ</td><td>4,00,000</td></tr><tr><td>പട്ടിക വർഗ്ഗം</td><td>ജില്ല സാങ്കേതിക സമിതി അംഗീകരിക്കുന്ന യഥാർത്ഥ ചെലവ്</td></tr></table><br>സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭവന സമുച്ചയത്തിൽ ഭവനം നിർമ്മിച്ച് നൽകുന്നതാണ്.</td></tr>
<tr><td>(ഇ)</td><td>ഈ സഹായം ലഭ്യമാകണമെങ്കിൽ പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?</td><td>(ഇ)</td><td>താഴെപറയുന്ന നിബന്ധനകൾ പാലിക്കുന്നവരായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ<br>• ഭൂമിയുള്ള ഭവനരഹിതർ<br>• ഭൂരഹിത ഭവനരഹിതർ<br>• ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ<br>ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ താഴെപറയുന്നവർക്ക് മുൻഗണന നൽകുന്നതാണ്.<br>• മാനസിക വെല്ലുവിളികൾ</td></tr>
</table>

| | | | |
|---|---|---|---|
| | | | നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>• അഗതികൾ<br>• അംഗവൈകല്യമുള്ളവർ<br>• ഭിന്നലിംഗക്കാർ<br>• ഗുരുതര/മാരക രോഗമുള്ളവർ<br>• അവിവാഹിതരായ അമ്മമാർ<br>• രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>• വിധവകൾ<br>• എച്ച്.ഐ.വി +ve ആയിട്ടുള്ളവർ |

**സെക്ഷൻ ഓഫീസർ**